പട്ടിക വര്‍ഗ്ഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങള്‍

125. [125] ശ്രീ. വി. കെ. ചന്ദ്രന്‍:
- ഏ. വി. താരാനന്ദ്:
- രാജു എബ്രഹാം:

ശ്രീമതി ഗിരിജാ സുരേന്ദ്രന്‍: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പട്ടിക വര്‍ഗ്ഗവും യുവജന സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നല്‍കുമോ:

(എ) പട്ടിക വര്‍ഗ്ഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങള്‍ യഥാസമയങ്ങളില്‍ കാലവിളംബം നേരിട്ടിട്ടുള്ളത് സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാര്‍ത്ഥികള്‍ക്കുള്ള ചെലവുകള്‍ കുടിശ്ശിക യായിട്ടുള്ളത് എന്നുമുതലുള്ളതാണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട ഉന്നതവിദ്യാഭ്യാസ രംഗത്തെ വിദ്യാര്‍ത്ഥികള്‍ക്ക് 2005-2006 വര്‍ഷത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങളില്‍ ഇനിയും ലഭ്യമാക്കാനുള്ളവയെക്കുറിച്ച് വിശദമാക്കാമോ;

(സി) സഹായ എയ്ഡഡ്/അണ്‍എയ്ഡഡ് മെഡിക്കല്‍ കോളേജുകളില്‍ മെറിറ്റിലും മാനേജ്മെന്റ് കോട്ടയിലും പ്രവേശനം ലഭിച്ച വിദ്യാര്‍ത്ഥികള്‍ക്ക് വിദ്യാഭ്യാസ ആനുകൂല്യം നല്‍കുന്നുണ്ടോ;

(ഡി) ഉന്നത വിദ്യാഭ്യാസ രംഗത്തില്‍ പ്രവേശം ലഭിച്ച ഏതെങ്കിലും പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികള്‍ക്ക് വിദ്യാഭ്യാസാനുകൂല്യം നല്‍കുന്നത് സംബന്ധിച്ച് ഇനിയും സര്‍ക്കാര്‍ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ടോ?

ഉത്തരം

(എ) ഇന്ത്. 2004-2005 അദ്ധ്യയന വര്‍ഷം സഹായ മെഡിക്കല്‍/എഞ്ചിനീയറിംഗ് സ്ഥാപനങ്ങളില്‍ പ്രവേശനം ലഭിച്ച പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷന്‍ ശുപാര്‍ശ ചെയ്ത ഫീസാനുകൂല്യം നല്‍കുവാന്‍ ഉത്തരവായത് 25-11-2005-ലാണ്. ആയതിനാല്‍ കാലതാമസമുണ്ടായി. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ പട്ടികജാതി വിദ്യാര്‍ത്ഥികളുടെ ചെലവുകള്‍ കുടിശ്ശികയുള്ളതായി പ്രത്യേകിച്ചറിയുന്നില്ല.

(ബി) പട്ടികജാതി പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികളുടെ 2005-2006ലെ അര്‍ഹതപ്പെട്ട വിദ്യാഭ്യാസാനുകൂല്യങ്ങള്‍ വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വാശ്രയ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റുപ്രകാരം മെറിറ്റ് സീറ്റിലും 50% സംവരണ സീറ്റിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റർഹ വിദ്യാർത്ഥികൾക്ക് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിൽ ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നുണ്ട്. മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നവർക്ക് വകുപ്പിൽ നിന്നും ആനുകൂല്യം നൽകുന്നില്ല.

(ഡി) ഉണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

126. [126] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്നതുമൂലം വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ വിദ്യാഭ്യാസം അവസാനിപ്പിക്കുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ ധാരയിൽ നിന്ന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കൊഴിഞ്ഞുപോകാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉയർന്ന ക്ലാസുകളിലെത്തുന്നതിനിടയിൽ പഠിത്തം അവസാനിപ്പിച്ച് പോകുന്നതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോകുന്നത് തടയാനായി വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചുവരുന്നുണ്ട്. പ്രൈമറി ക്ലാസുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് അവരുടെ രക്ഷിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന തുക ഹാജ് നൽകിവരുന്നു.

(സി) പരിശോധിച്ചിട്ടുണ്ട്. അപ്രകാരം പോകുന്ന കുട്ടികളെ തിരികെ സ്കൂളിലെത്തിക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly